## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5097** 22-05-2017 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഒറ്റപ്പാലം മണ്ഡലത്തിൽ വേനൽ മഴയിലും കാറ്റിലും പെട്ട് കിടപ്പാടം നഷ്ടപ്പെട്ടവർക്ക് ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ഉണ്ണി** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി)** |
| (എ) | വേനൽമഴയിലും കാറ്റിലും സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് അടിയന്തിര ധനസഹായം അനുവദിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 23.07.2015-ലെ സ.ഉ.(എം.എസ്) നം.343/2015/ഡി.എം.ഡി. ഉത്തരവ് പ്രകാരം 'ശക്തമായ കാറ്റ്' ഒരു സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ശക്തമായ കാറ്റിനെ തുടർന്നുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 'സംസ്ഥാന ദുരന്ത പ്രതികരണ നിധി'യുടെ മാനദണ്ഡപ്രകാരം ദുരിതാശ്വാസം അനുവദിക്കുന്നതിനാണ് വ്യവസ്ഥയുള്ളത്. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം 'നഷ്ടപരിഹാരം' അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. വേനൽമഴ ഒരു പ്രകൃതി ദുരന്തമല്ല. |
| (ബി) | കനത്ത വേനൽ മഴയിലും കാറ്റിലും പെട്ട് കിടപ്പാടം നഷ്ടപ്പെട്ടവർക്ക് വീട് പുനർനിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിലെ ഏതൊക്കെ അപേക്ഷകർക്ക് ധനസഹായം അനുവദിച്ചു എന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആശ്വാസ സഹായം അനുവദിക്കാറില്ല. ശക്തമായ കാറ്റിൽ തകർന്ന വീടുകൾക്ക് ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അതാത് ജില്ലാ കളക്ടർ മുഖേന ആശ്വാസ സഹായം അനുവദിക്കുകയാണ് ചെയ്തുവരുന്നത്. |

| | | | |
|---|---|---|---|
| (സി) | കൃഷിനാശവുമായി ബന്ധപ്പെട്ട ധനസഹായത്തിനായി പാലക്കാട് ജില്ലയിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചു; ഇതിന്റെ വിശദാംശങ്ങൾ താലൂക്കടിസ്ഥാനത്തിൽ ലഭ്യമാക്കുമോ? | (സി) | പാലക്കാട് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ പ്രഥമ വിവര റിപ്പോർട്ട് പ്രകാരം ജില്ലയിൽ നാളിതുവരെയായി 288 കർഷകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. താലൂക്ക് അടിസ്ഥാനത്തിൽ അല്ല ബ്ലോക്ക് അടിസ്ഥാനത്തിലാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. ആയതിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | ബ്ലോക്കിന്റെ പേര് | വിസ്തീർണ്ണം (ഹെക്ടർ) | കർഷകരുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | ചിറ്റൂർ | 7 | 55 | 4,40,000 |
| 2 | ഷൊർണ്ണൂർ | 3 | 22 | 67,500 |
| 3 | തൃത്താല | 2.8 | 24 | 60,000 |
| 4 | മണ്ണാർക്കാട് | 9.7 | 81 | 7,62,500 |
| 5 | അഗളി | 12 | 106 | 15,00,000 |
| | **ആകെ** | **34.5** | **288** | **28,30,000** |

സെക്ഷൻ ഓഫീസർ